രാജ്യാന്തര ചലച്ചിത്രമേള
വാർത്താക്കുറിപ്പ്
IFFK 2007
Media Centre, IFFK 2007, Thiruvananthapuram - 695 010
Ph: 0471-2115111, 2310323, 2312214 Fax: 0471-2338326, E-mail: iffkmedia07@gmail.com

069/iffkmedia/07
10.12.2007

## രാജ്യാന്തര ചലച്ചിത്രമേള

# ചുമർചിത്രകലയ്ക്ക് മേളയുടെ ഉപഹാരം

രാജ്യാന്തര ചലച്ചിത്രമേളയുടെ വിശിഷ്ടാതിഥികൾക്കു ഉപഹാരമായി നൽകുന്ന 'ചുമർ ചിത്രങ്ങളുടെ' ഫോട്ടോ ശേഖരം വിദേശ പ്രതിനിധികൾക്കു കൗതുകമായി. പലരും മേള കഴിഞ്ഞാൽ ചുമർ ചിത്രങ്ങൾ ഉള്ള സ്ഥലങ്ങൾ സന്ദർശിക്കാനുള്ള തയ്യാറെടുപ്പിലാണ്.

കേന്ദ്ര ലളിതകലാ അക്കാദമി തയ്യാറാക്കിയ ഫോട്ടോ ശേഖരത്തിൽ പന്ത്രണ്ടോളം ചിത്രങ്ങളാണുള്ളത്. ക്ഷേത്രകലയുടെ ചരിത്രവും, തയ്യാറാക്കുന്ന രീതിയും മറ്റു വിവരങ്ങളും അടങ്ങിയ വിജ്ഞാനപ്രദമായ ഉപഹാരം കേരളീയ ചിത്രകലയ്ക്കുള്ള മേളയുടെ പ്രണാമ മായി.

മട്ടാഞ്ചേരി, പത്മനാഭപുരം, കൃഷ്ണപുരം കൊട്ടാരങ്ങളിലെ 12 ചിത്രങ്ങളാണ് ഇതി ലുൾപ്പെടുത്തിയിരിക്കുന്നത്. രാമായണത്തിലെയും മഹാഭാരതത്തിലെയും ധന്യ മുഹൂർത്ത ങ്ങൾ പ്രതിപാദിക്കുന്ന ചിത്രങ്ങളാണിവ.

ഉഷാ ഭാട്ടിയ എഡിറ്റു ചെയ്ത് കേന്ദ്ര ലളിതകലാ അക്കാദമി പ്രസിദ്ധീകരിച്ച ഈ സചിത്ര വിവരണം വ്യത്യസ്തതയാർന്ന, ശ്രദ്ധേയമായ ഉപഹാരമാണ്.

*********

067/iffkmedia/07
10.12.2007

# മിഗ്വൽ ലിറ്റിൻ ചിത്രങ്ങളുടെ ഡി.വി.ഡി അക്കാദമിയ്ക്ക്

രാജ്യാന്തരമേളയിലെ മുഖ്യാതിഥിയും ചിലിയൻ സംവിധായകനുമായ മിഗ്വൽ ലിറ്റിൻ സംവിധാനം ചെയ്ത ചിത്രങ്ങളുടെ ഡി.വി.ഡി.കൾ ചലച്ചിത്ര അക്കാദമിക് കൈമാറുന്നു. ഡിസംബർ 10 ന് വൈകിട്ട് 7.15 ന് മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ സംസ്ക്കാരിക മന്ത്രി എം.എ. ബേബി മിഗ്വിൽ ലിറ്റിലിൽ നിന്ന് ഡി.വി.ഡി.കൾ സ്വീകരിക്കും. അക്കാദമി ആർക്കൈവ്സിൽ ഇവ സൂക്ഷിക്കുമെന്ന് അക്കാദമി വൈസ് ചെയർമാൻ വി.കെ. ജോസഫ് പറഞ്ഞു.

*********